കഥ

# മരണം പരസ്യമാകുന്നു

വിജയകുമാർ കളരിക്കൽ

**ഒന്ന്:**

ദേശീയ പ്രാദേശിയ ദിനപത്രങ്ങളുടെ (ആംഗലേയത്തിലെ, മാതൃഭാഷയിലെ) ആദ്യപേജിൽ തന്നെ കാൽഭാഗത്ത് അയാളുടെ മരണം അറിയിച്ചുകൊണ്ടുള്ള ഫോട്ടോയോടു കൂടിയ പരസ്യം വന്നു.

-ഞങ്ങളുടെ അഭിവന്ദ്യപിതാവ് ഇന്നയിടത്ത് ഇന്നയാൾ വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ഇന്ന ദിവസം ഇന്ന സമയത്ത് നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. സംസ്ക്കാര കർമ്മങ്ങൾ ഇന്ന ദിവസം ഇന്ന സമയത്ത് തറവാട്ട് വളപ്പിൽ നടക്കുന്നതാണ്.

എന്ന്, സന്തപ്ത മക്കൾ, മരുമക്കൾ, ചെറുമക്കൾ, ബന്ധുക്കൾ, ചാർച്ചക്കാർ, അവരോടെല്ലാം ബന്ധപ്പെടുന്ന സ്ഥാപനങ്ങളുടെ പേരുകൾ, വിലാസങ്ങൾ ഫോൺ നമ്പറുകൾ.............

**രണ്ട്:**

അയാളുടെ മരണശേഷം നാലാം നാൾ എല്ലാ ദിനപത്രങ്ങളുടേയും ചരമ അറിയിപ്പുപേജിൽ കാൽ ഭാഗത്ത് കോളം തിരിച്ച് ഫോട്ടോയോടുകൂടി ഇങ്ങിനെ എഴുതി:

- ഞങ്ങളുടെ അഭിവന്ദ്യപിതാവ് ഇന്നയിടത്ത് ഇന്നയാൾ വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ഇന്ന ദിവസം ഇന്ന സമയത്ത് നിര്യാതനായ വിവരം അറിഞ്ഞുകാണുമല്ലോ. അദ്ദേഹത്തിന്റെ സഞ്ചയനം നാളെ രാവിലെ 9 മണിയ്ക്ക് നടക്കുകയാണ്. ബന്ധുമിത്രാദികൾ ഇതൊരറിയിപ്പായി കരുതി സംബന്ധിയ്ക്കുവാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ നേരിട്ടും ഫോണിലൂടെയും ഞങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും സാന്ത്വനപ്പെടുത്തുകയും ചെയ്ത എല്ലാവരെയും കൃതാർത്ഥതയോടെ സ്മരിക്കുന്നു.

എന്ന് മക്കൾ, മരുമക്കൾ, ചെറുമക്കൾ , ബന്ധുക്കൾ, ചാർച്ചക്കാർ.............

ഉപചാരപൂർവ്വം സ്ഥാപനങ്ങളുടെ പേരുകളും മേൽവിലാസങ്ങളും..................

**പിന്നീട്:**

പുലകുളി, സപിണ്ഢീകരണ അടിയന്തിരത്തിന്,

പരമാത്മാവിൽ വിലയം ചെയ്തതിന്റെ വാർഷികങ്ങൾക്ക്,

പത്രത്താളുകളിൽ വരുന്ന ഫോട്ടോ, അറിയിപ്പുകൾ വഴി അയാൾ ഇന്നും,

ഉപചാരപൂർവ്വം എത്തുന്ന ചെറുമക്കളും, ബന്ധുക്കളും, ചാർച്ചക്കാരും, അവരോടുബന്ധപ്പെട്ട സ്ഥാപനങ്ങളും വിലാസങ്ങളും വർദ്ധിപ്പിച്ചുകൊണ്ട്,

പരസ്യമായി.................................

@@@@@@@